## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** — **29.10.2019 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സൗരോർജ്ജ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. കെ.വിജയൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പദ്ധതിയായ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള ഒരു പദ്ധതിയാണ് 'സൗര'. മൂന്ന് വർഷംകൊണ്ട് സൗരോർജ്ജ ഉത്പാദനത്തിൽ നിന്നും 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന 'സൗര' എന്ന പദ്ധതി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ ആകെ 500 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2,78,258 അപേക്ഷകളിൽ നിന്നും ആദ്യഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത ഏകദേശം 42,000 അപേക്ഷകരുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആദ്യഘട്ടത്തിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സോളാർ പാനലുകൾ മേൽക്കൂരകളിൽ ഇതുവരെ സ്ഥാപിക്കാൻ തുടങ്ങിയിട്ടില്ല. അടുത്ത വർഷം ജനുവരിയോട് കൂടി സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയുടെ ആദ്യഘട്ടമായി ആകെ 200 മെഗാവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. അടുത്തവർഷം ജനുവരിയോടു കൂടി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് വീടുകൾ തെരഞ്ഞെടുത്തത് ഏതൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് എന്നറിയിക്കുമോ; | (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയിൽ അപേക്ഷ നല്കിയ 2.78 ലക്ഷം അപേക്ഷകളിൽ നിന്നും തെരഞ്ഞെടുത്ത ഉപഭോക്താക്കളുടെ പുരപ്പുറത്താണ് സോളാർ പാനൽ സ്ഥാപിക്കുന്നത്. മേൽക്കൂര സൗരോർജ്ജ പാനൽ സ്ഥാപിക്കാൻ അനുയോജ്യമാണോ, പ്രസ്തുത മേൽക്കൂരയിൽ നിഴൽ |

| | | | |
|---|---|---|---|
| | | | വീഴാതെ വൈദ്യുതി ഉത്പാദനത്തിന് ആവശ്യമായ സൂര്യപ്രകാശം ലഭ്യമാകുന്ന ഉത്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് സൗകര്യമുണ്ടോ, നിലവിലുള്ള ചട്ടങ്ങൾക്ക് ബാധകമായി സൗരോർജ്ജ നിലയം വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുവാൻ ആകുമോ എന്നീ ഘടകങ്ങൾ മാനദണ്ഡമാക്കിയാണ് ആദ്യഘട്ടത്തിലേക്കുള്ള പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | ഏതൊക്കെ സോളാർ കമ്പനികൾക്കാണ് പദ്ധതിയുടെ കരാർ എന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടപ്പാക്കുവാനുള്ള ടെണ്ടർ അന്തിമ ഘട്ടത്തിലാണ്. കരാർ നൽകുവാനുള്ള കമ്പനികളെ നിശ്ചയിക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ